**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2050** **06-07-2022 - ല്‍ മറുപടിയ്ക്ക്**

**പുതുക്കാട് പുതിയ മുന്‍സിഫ് മജിസ്ട്രേറ്റ് കോടതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രന്‍ | | ശ്രീ. പിണറായി വിജയന്‍<br>(മുഖ്യമന്ത്രി) | |
| (എ) | പുതുക്കാട് പുതിയ മുന്‍സിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിനായി ബഹു.ഹൈക്കോടതിയുടെ മുന്‍ഗണനാ ലിസ്റ്റില്‍ ഉള്‍പ്പെട്ടിട്ടും സര്‍ക്കാര്‍ നടപടി സ്വീകരിക്കാത്തതിനാല്‍ പ്രവര്‍ത്തനം ആരംഭിക്കുവാന്‍ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | 02.03.2016-ലെ ജി.ഒ.(എം.എസ്) 79/2016/ ആഭ്യന്തരം നമ്പര്‍ ഉത്തരവ് പ്രകാരം സര്‍ക്കാര്‍ അംഗീകരിച്ച മുന്‍ഗണനാ പട്ടികയില്‍ പുതുക്കാട് മുന്‍സിഫ് മജിസ്ട്രേറ്റ് കോടതി ഉള്‍പ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സ്ത്രീകള്‍ക്കും കുട്ടികള്‍ക്കുമെതിരായ അതിക്രമങ്ങള്‍ സംബന്ധിച്ച കേസുകള്‍ കൈകാര്യം ചെയ്യുന്നതിനുള്ള കോടതികള്‍ സ്ഥാപിക്കുന്നതിനാണ് സര്‍ക്കാര്‍ നിലവില്‍ മുന്‍ഗണന നല്‍കുന്നത്. |
| (ബി) | പ്രസ്തുത മുന്‍സിഫ് -മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ? | (ബി) | (എ)യിലെ ഉത്തരത്തിനു സമാനം |

സെക്ഷന്‍ ഓഫീസര്‍